# ആത്മസംതൃപ്തി

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قال قَالَ رَسُولُ اللّه ﷺ
لَيْسَ الْغِنَى عَنْ كَثْرَةِ الْعَرَضِ وَلَكِنَّ الْغِنَى غِنَى النَّفْسِ. (متفق عليه – ترمذي)

**നബി(സ) പറഞ്ഞതായി അബൂഹുറയ്‌റയിൽനിന്ന് നിവേദനം "ഐശ്വര്യമെന്നത് ജീവിത വിഭവങ്ങളുടെ സമൃദ്ധിയല്ല. യഥാർഥ ഐശ്വര്യം ആത്മസംതൃപ്തിയാണ്."**

സമ്പത്തും സ്ഥാനമാനങ്ങളും എത്രത്തോളമുണ്ടോ അത്രത്തോളമാണ് ഒരാളുടെ സുഖവും സന്തോഷവുമെന്നാണ് പൊതുവിൽ ആളുകൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് ആളുകൾ ഇതുരണ്ടും നേടാൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ പരിശ്രമത്തിനിടയിൽ തങ്ങൾ സ്വീകരിക്കുന്ന നടപടികളുടെ നീതിയും ന്യായവും പരിശോധിക്കാൻ പലപ്പോഴും മറന്നുപോകുന്നു. അതുവഴി, യഥാർഥത്തിൽ തേടിക്കൊണ്ടിരിക്കുന്നതെന്താണോ അതുതന്നെ നാം എറിഞ്ഞുകളയുന്നു. തദ്ഫലമായി എത്രയൊക്കെ പരിശ്രമിച്ചാലും എന്തൊക്കെ നേടിയെടുത്താലും സുഖവും സന്തോഷവും പിന്നെയും നമ്മിൽനിന്നു വളരെ അകലെ സ്ഥിതിചെയ്യുന്നതായിട്ടായിരിക്കും അനുഭവപ്പെടുക. പത്തുകിട്ടിയവൻ നൂറു കിട്ടിയാൽ താൻ സന്തുഷ്ടനാകുമെന്നു കരുതുന്നു. നൂറു കിട്ടിയാൽ ആയിരം മോഹിക്കുന്നു. അതങ്ങനെ നീണ്ടുപോകും. സ്ഥാനമാനങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്.

സ്വന്തമായി എന്താണോ ഉള്ളത് അതിൽ സംതൃപ്തമാകുന്ന മാനസികാവസ്ഥക്കാണ് ഐശ്വര്യം, ക്ഷേമം എന്നൊക്കെ പറയുന്നത്. മറ്റു വിധത്തിൽ പറഞ്ഞാൽ ഇല്ലാത്തതിൽ ദുഃഖിക്കാതിരിക്കാനും ഉള്ളതിൽ അഹങ്കരിക്കാതിരിക്കാനും കഴിയുക. ഒരാൾ തന്റെ യാതനകളും വേദനകളും ദൂരീകരിക്കാൻ ശ്രമിക്കേണ്ടതില്ലെന്നോ കൂടുതൽ നല്ല അവസ്ഥ കാംക്ഷിക്കാൻ പാടില്ലെന്നോ അല്ല ഇതിനർഥം. ജീവിത ക്ലേശങ്ങൾ ലഘൂകരിക്കാനും കൂടുതൽ സുഭിക്ഷതക്കു വേണ്ടി യത്നിക്കാനും ഓരോ മനുഷ്യനും ബാധ്യസ്ഥനാണ്. എന്നാൽ അതിന്റെ അനിവാര്യതയല്ല, നിലവിലുള്ള അവസ്ഥയോടുള്ള അസംതൃപ്തിയും അപകർഷതയും. നിലവിലുള്ള അവസ്ഥയോട് പൊരുത്തപ്പെട്ടുകൊണ്ടും അതിനെ ആസ്വദിച്ചുകൊണ്ടും തന്നെ നമുക്ക് കൂടുതൽ നല്ല അവസ്ഥക്കുവേണ്ടി യത്നിക്കാൻ കഴിയും. കൂടുതൽ നല്ലതിനു വേണ്ടിയുള്ള അന്വേഷണം കൈയിലുള്ളതിന്റെ ആസ്വാദനത്തോടുള്ള നിഷേധമാകരുത് എന്നേയുള്ളൂ. കൈയിലുള്ളത് തൃപ്തിപ്പെടാൻ കഴിയാത്തവന് തേടുന്നത് കിട്ടിയാലും തൃപ്തിപ്പെടാൻ കഴിയില്ല എന്നതാണ് യാഥാർഥ്യം. പത്തു കിട്ടിയവന് അതു തൃപ്തിപ്പെടാൻ കഴിഞ്ഞാലേ നൂറു കിട്ടിയാൽ അതും തൃപ്തിപ്പെടാനാവൂ. ഇല്ലെങ്കിൽ എത്ര കിട്ടിയാലും അവന്റെ അതൃപ്തിയും കൂടുതൽ കിട്ടാനുള്ള ആർത്തിയും നിലനിൽക്കും.

ചുരുക്കത്തിൽ, നാം സുഖം അന്വേഷിക്കേണ്ടത് നമ്മുടെ കൈകളിലില്ലാത്തതിലല്ല. ഉള്ളവയിൽ തന്നെയാണ്. കൈയിലുള്ളതിൽ സാഫല്യം കാണാത്തവൻ കൈയിലില്ലാത്തവയുടെ പേരിൽ ആവലാതിയും വേവലാതിയും കാണിക്കുന്നു. അവ നേടാൻ ആർത്തി കാണിക്കുന്നു. അതിനുവേണ്ടി വഴിവിട്ട ചെയ്തികളിലേർപ്പെടുന്നു. അന്യരെ ദ്രോഹിക്കുകയും അന്യരുടെ ദ്രോഹങ്ങൾ ഏൽക്കുകയും ചെയ്യുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവനെ സംബന്ധിച്ചിടത്തോളം കൂടുതൽ നേടാനുള്ള പ്രയത്നം തന്റെ കർമശേഷിയുടെ ന്യായമായ വിനിയോഗം മാത്രമാണ്. കേവലം ഒരു കർത്തവ്യ നിർവഹണം. ആ പ്രയത്നംകൊണ്ട് ഒന്നും കിട്ടിയില്ലെങ്കിലും അവന്റെ സുഖത്തിന് ഒരു കുറവും വരില്ല. ഇനി വമ്പിച്ച നേട്ടമുണ്ടായാൽ നിലംവിട്ടു ചാടുകയുമില്ല. കാരണം, കർമം ചെയ്തു എന്നതു തന്നെ അവന് സംതൃപ്തിയേകുന്നുണ്ട്.